പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ :* 156 | 17/06/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

ചോദ്യം | മറുപടി

ശ്രീ. കെ.മുരളീധരൻ
ശ്രീ.എം.എ വാഹീദ്
ശ്രീ.റ്റി.എൻ.പ്രതാപൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടിക വർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | എം.ആർ.എസ്സുകളിൽ അടിസ്ഥാന - സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ കായിക കലാവാസനകൾ, ആരോഗ്യ സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും അവരിൽ സാമൂഹികാ-വബോധം വളർത്തി ഉത്തമപൗരന്മാരാക്കുന്നതിനും കുട്ടികളുടെ പഠനനിലവാരം ഉയർത്തി മികച്ച അദ്ധ്യയനം സാദ്ധ്യമാക്കുന്നതിനും ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | (സി) | ആരോഗ്യ വകുപ്പ്, ത്രിതല പഞ്ചായത്തുകൾ, ഉന്നതവിദ്യാഭ്യാസ വകുപ്പ്, നാഷണൽ സർവ്വീസ് സ്കീം, പോലീസ് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സഹകരണത്തോടെയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഇതിനായുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഇതിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>1.വിദ്യോദയം പദ്ധതി.<br>2. സ്റ്റുഡന്റ്സ് ഹെൽത്ത് എഡ്യൂക്കേഷൻ പദ്ധതിയുടെ ഭാഗമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പഠന ക്ലാസ്സുകൾ നടന്നു കഴിഞ്ഞു.<br>3. നാഷണൽ സർവ്വീസ് സ്കീം എല്ലാ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ.<br>4.സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി.<br>5.അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം.<br>6. മികച്ച അദ്ധ്യയനത്തിനനുയോജ്യമായ തരത്തിൽ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ ക്ലാസ് സമയം രാവിലെ 8.30 മുതൽ 2 മണി വരെ ആയി പുന:ക്രമീകരിച്ചു.<br>7. സർഗ്ഗോത്സവം കലാമേള.<br>8. കൗൺസിലിംഗ്.<br>9.എന്ട്രൻസ് പരീക്ഷാപരിശീലനം. |

സെക്ഷൻ ഓഫീസർ